# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 353 — 07-01-2014-ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി. എഞ്ചിനീയർമാരുടെ വിദേശ പരിശീലനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ | | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജ വകുപ്പ് മന്ത്രി.) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം കെ.എസ്.ഇ ബി യുടെ എഞ്ചിനീയർമാരെ വിദഗ്ദ്ധ പരിശീലനത്തിനായി സർക്കാർ ചെലവിൽ കാനഡ അടക്കമുള്ള വിദേശ രാജ്യങ്ങളിലയച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേരെ ഏതെല്ലാം രാജ്യങ്ങളിൽ അയച്ചു; എന്നു മുതൽ എന്നുവരെ ആയിരുന്നു പരിശീലനം. | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം KSEB എഞ്ചിനീയർമാരെ വിദേശ രാജ്യങ്ങളിൽ പരിശീലനത്തിനായി സർക്കാർ ചെലവിൽ അയച്ചിട്ടില്ല. |
| (ബി) | ഇപ്രകാരം എഞ്ചിനീയർമാരെ പരിശീലനത്തിന് അയച്ച വകയിൽ ബോർഡിന് എത്ര രൂപ ചെലവായി എന്ന് വ്യക്തമാക്കുമോ; പരിശീലനം ലഭിച്ചുവരുന്നവരുടെ സേവനം ബോർഡിന് ലഭ്യമാക്കുന്നതിനായി എന്തെല്ലാം വ്യവസ്ഥകളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) | ബാധകമല്ല. |
| (സി) | കാനേഡിയൻ സാങ്കേതികവിദ്യയിൽ രൂപകല്പന ചെയ്തിട്ടുള്ള ജനറേറ്ററുകളും അനുബന്ധ സംവിധാനങ്ങളും സംസ്ഥാനത്ത് ഏതെല്ലാം പദ്ധതികൾക്കാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ; ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ സാങ്കേതിക തകരാറുകൾ ഉണ്ടായി; ഈ സാങ്കേതിക തകരാറുകൾ പരിഹരിക്കുന്നതിന് വിദേശ പരിശീലനം ലഭിച്ചവരുടെ സേവനം | (സി) | കനേഡിയൻ സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന ജനറേറ്ററുകളും മറ്റു സംവിധാനങ്ങളും ഇടുക്കി, കുറ്റിയാടി എക്സ്റ്റൻഷൻ സ്കീം, പള്ളിവാസൽ, പന്നിയാർ, ചെങ്കുളം എന്നീ പദ്ധതികളിലാണ് ഉള്ളത്. ഇവയിൽ സാങ്കേതിക തകരാർ സംഭവിച്ചത് താഴെ പറയുന്ന ഘടകങ്ങളിലാണ്.<br>KSEB എഞ്ചിനീയർമാർ അവ പരിഹരിച്ചു. |

| | | | |
|---|---|---|---|
| | ലഭ്യമായോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | | 1. മൂലമറ്റം പവർ ഹൗസിലെ 220 KV cable ന്റെ pot head ലെ ഓയിൽ ലീക്കേജ്<br>2. പള്ളിവാസൽ പദ്ധതിയിലെ Turbine runner-ൽ ഉണ്ടായ crack. |
| (ഡി) | പരിശീലനം നേടിയവരിൽ അവധി എടുത്ത് വിദേശത്ത് പോയവർ, സർവ്വീസിൽ നിന്നും പിരിഞ്ഞു പോയവർ, പരിശീലനം ലഭിച്ച മേഖലയിൽ ജോലി ചെയ്യാതെ സ്ഥലം മാറ്റം വാങ്ങിപ്പോയവർ എന്നിങ്ങനെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (ഡി) | ബാധകമല്ല |
| ( ഇ ) | ഈ കാലയളവിൽ പദ്ധതികളുടെ സാങ്കേതിക തകരാറുകൾ പരിഹരിക്കുന്നതിനായി കാനഡ അടക്കമുള്ള വിദേശ രാജ്യങ്ങളിൽ നിന്നും വിദഗ്ദ്ധരെ കൊണ്ടുവന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ്; ആയതിന്റെ സാമ്പത്തിക ചെലവ് എത്രയാണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഇ ) | ഇല്ല |

സെക്ഷൻ ഓഫീസർ